Monthly Price Rs. 4/- 2012

# ബൈബിൾ ട്രൂത്ത്

ദൈവത്തിന്റെ വചനം

THE BIBLE TRUTH

**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3**

| വിശ്വാസ പ്രമാണം ആവശ്യമാണ് 'എങ്കിൽ'... | മനുഷ്യർക്ക് അധികാരം ഉണ്ട് 'എങ്കിൽ'... | ഏതെങ്കിലും പേർ മതി 'എങ്കിൽ'... | രക്ഷ സഭയ്ക്കു പുറത്ത് ഉണ്ട് 'എങ്കിൽ'... | നിങ്ങൾ രക്ഷ മാറ്റി വെക്കുന്നു 'എങ്കിൽ'... |
|---|---|---|---|---|
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ<br>3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ<br>11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ<br>2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 26** **August 2012** **No.5**

# എഡിറ്റോറിയൽ

ദൈവഭക്തി ഇന്ന് ലോകത്തിൽ പല വിധത്തിലാണ് കാണപ്പെടുന്നത്. മതഭക്തി എന്നത് ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ ഉണ്ടാകേണ്ട ഒന്നാണ്. അത് ഒരിക്കലും മനുഷ്യന്റെ ഇഷ്ടമനുസരിച്ച് ആചരിക്കേണ്ടതല്ല എന്ന് നാം മനസിലാക്കണം. മനുഷ്യരുടെ അജ്ഞതയെ ചൂഷണം ചെയ്യുന്ന ആളുകൾ ധാരാളമുണ്ട്. മതഭക്തിയുമായുള്ള ബന്ധത്തിൽ നാം ഏതാനും കാര്യങ്ങൾ അറിഞ്ഞിരിക്കണം. നമ്മുടെ ഇപ്പോഴത്തെ എല്ലാ അറിവും മാറ്റി നിർത്തിയിട്ട് നിഷ്പ്പക്ഷമായി കാര്യങ്ങൾ വിവേചിക്കുവാൻ നമുക്ക് കഴിയണം. മുന്നറിവ് നമ്മുടെ ഉള്ളിൽ വെച്ച് നാം അതിനു മീതെ എന്തെല്ലാം കൂട്ടിച്ചേർക്കുവാൻ ശ്രമിച്ചാലും വിജയിക്കുകയില്ല. ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ വേണം നാം ശരിയായ ഭക്തി സ്വീകരിക്കുവാൻ. ശലോമോൻ പറയുന്നത് യഹോവാ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു എന്നാണ്. മനുഷ്യനിർമ്മിതമായ മതങ്ങളൊന്നും ദൈവഹിതപ്രകാരമുള്ള ഭക്തിയല്ല ആചരിക്കുന്നത്. കാരണം അവർ മനുഷ്യരുടെ ഉപദേശങ്ങളെയാണ് കാര്യമായെടുക്കുന്നത്. ദൈവത്തേക്കാൾ നാം മനുഷ്യരെ അനുസരിക്കേണ്ടതല്ല.

മനുഷ്യജീവിതം ലോകപ്രകാരം ആയിരിക്കരുത് എന്ന് ദൈവം നിശ്ചയിച്ച് അതിനു വേണ്ട നിയമങ്ങളും ചട്ടങ്ങളും നൽകിയിരിക്കുകയാണ്. നാം അവയിൽ തൃപ്തരാകണം. പിതാവായ ദൈവം അയച്ച യേശുക്രിസ്തുവിനാണ് ഇന്ന് സകല അധികാരവുമുള്ളത്. അവന്റെ വചനം എന്നേക്കുമുള്ളതാണ്. ആ വചനത്തിനാണ് ഇന്ന് പരമാധികാരമുള്ളത്. പിതാവായ ദൈവത്തെയും അവൻ അയച്ച പുത്രനെയും അറിയുന്നത് തന്നെയാണ് നിത്യജീവൻ എന്ന് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നു.

അതുകൊണ്ട് ഈ അന്ത്യകാലത്ത് നാം പറയുന്നതും പ്രവർത്തിക്കുന്നതും കർത്താവിന്റെ അധികാരപ്രകാരം ആയിരിക്കണം. നമ്മുടെ ഭക്തി ബാഹ്യപ്രകടനത്തിനായിരിക്കരുത്, മനുഷ്യരെ കാണിക്കേണ്ടതിനാകരുത്. ദൈവത്തെ പ്രസാദിപ്പിക്കേണ്ടതിന് ആത്മാർത്ഥമായ ഭക്തി ഉണ്ടാകണം എന്നു പറയുമ്പോൾ സത്യസന്ധവും ആത്മാർത്ഥവുമായ ഒരു ജീവിതം ഉണ്ടാകണം എന്നർത്ഥം. തിരുവചനപ്രകാരം ജീവിക്കാതെ ദൈവത്തെ ആരാധിച്ച് പ്രസാദിപ്പിക്കാമെന്ന് കരുതരുത്. ദൈവം നമ്മുടെ ശാരീരിക പ്രകടനത്തെയല്ല കാണുന്നത്. നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തെയാണ് കാണുന്നത്.

ധാർമ്മികവും ആത്മികവുമായ ജീവിതമാണ് നമ്മിൽനിന്നു ദൈവം പ്രതീക്ഷിക്കുന്നത്. ദൈവത്തിന്റെ വാഗ്ദാനങ്ങളും മുന്നറിയിപ്പുകളും ആ ഉദ്ദേശത്തോടെയാണ് ദൈവം വെളിപ്പെടുത്തിയിരിക്കുന്നത്. ദൈവം വെളിപ്പെടുത്തിയിട്ടുള്ള മനോഗുണങ്ങളെല്ലാം തന്നെ നമ്മിൽ വളർത്തിയെടുക്കുവാനാണ് ദൈവം ആജ്ഞാപിച്ചിരിക്കുന്നത്. നമ്മുടെ ജീവിതം ഒരിക്കലും ലോകമാനദണ്ഡം അനുസരിച്ചാകരുത്. ഈ ലോകത്തിനപ്പുറം മറ്റൊരു ലോകമുണ്ട്. അവിടെ നാം പ്രവേശിക്കുവാൻ യത്നിക്കണം. അതിനു സഹായിക്കുന്നതാണ് ശരിയായ ഭക്തി. മതത്തിൽ ഭക്തി കാണിക്കുന്നവർ ദൈവത്തിലേക്ക് തിരിയണം. അവൻ വീട്ടിലും സമൂഹത്തിലും തന്റെ ഭക്തിക്കനുസാരമായ ജീവിതം നയിക്കണം. ഭക്തിയുടെ വേഷം ധരിച്ചിരിക്കുന്നവർ ധാരാളമുണ്ട്. അത് ദൈവം അറിയുകയും അവരെ വിധിക്കുകയും ചെയ്യും.കപടഭക്തി ദൈവം വെറുക്കുന്നു എന്ന് എല്ലാവരും അറിഞ്ഞിരിക്കണം.

നിസ്വാർത്ഥമായ സമീപനം, വിശുദ്ധിയും നിഷ്ക്കളങ്കവുമായ ജീവിതം എന്നിവ മറ്റുള്ളവർക്ക് പ്രയോജനം ചെയ്യും. ഒരു വ്യക്തി മറ്റൊരാൾക്ക് ഗുണകരമായി തീരുന്നതാണ് ഭക്തിയുടെ ഫലങ്ങൾ. ആർക്കും ദോഷം വരുന്നതാകരുത്. ദൈവഭക്തി ഒരിക്കലും നാം ഭൗതികമായ നേട്ടത്തിനായി ഉപയോഗിക്കരുത്. ശരിയായ ലക്ഷ്യം പാപമോചനവും ദൈവത്തിന്റെ വീണ്ടെടുപ്പുമായിരിക്കണം. ആകയാൽ കർത്താവായ യേശുവിൽ വിശ്വസിച്ച്, പാപങ്ങളെ ഉപേക്ഷിച്ച്, യേശു ദൈവപുത്രനെന്ന് ഏറ്റുപറഞ്ഞു പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ. അപ്പോൾ കർത്താവ് നിങ്ങളെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. പിന്നെ മരണത്തോളം വിശ്വസ്തരായി ക്രിസ്തുവിന്റെ സഭയിൽ നിലനിന്നാൽ നിങ്ങൾ മരിച്ചാലും ജീവിക്കും.

✶

# പ്രാർത്ഥന

## *J.C.* ചോട്ട്

പ്രാർത്ഥന എല്ലാവർക്കും സ്വീകാര്യമായ ഒന്നാണ്. ദൈവത്തിന്റെ സന്നിധിയിൽ എത്തുന്ന പ്രാർത്ഥന എങ്ങനെയുള്ളതാണെന്നും, അതിന്റെ ശരിയായ അർത്ഥം എന്താണ് എന്നും നാം അറിഞ്ഞിരിക്കണം. അപേക്ഷ, യാചന, അഭയയാചന, പക്ഷവാദം ഇങ്ങനെ പലതും അടങ്ങുന്നതാണ് പ്രാർത്ഥന. രഹസ്യമായും പരസ്യമായും ഉള്ള പ്രാർത്ഥനയുണ്ട്. ആരാധനയുടെ ഭാഗമായി നാം പ്രാർത്ഥിക്കുന്നു. കൂട്ടായ്മയുടെ ഭാഗമായി നാം യാചിക്കുന്നുണ്ട്. പുതിയ നിയമ സഭ സ്ഥാപിതമായ ഉടനെ സംഭവിച്ചതെന്തെന്ന് നാം തിരുവെഴുത്തിൽ വായിക്കുന്നു, "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു"(പ്രവൃത്തികൾ 2:42). നമ്മെ ശക്തിപ്പെടുത്തുന്നതാണ് പ്രാർത്ഥന. മനസിനേയും ആത്മാവിനേയും ജ്വലിപ്പിക്കുന്നതുമാണ്. പ്രാർത്ഥനയുടെ ഫലം നിങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ടോ?

ഈ ആരാധനയുടെ ഭാഗമായി മാത്രമല്ല, പ്രാർത്ഥന നമ്മുടെ ജീവിതത്തിന്റെ ഭാഗമായി തീരണം. അപ്പൊസ്തലനായ പൗലൊസ് എഴുതിയിരിക്കുന്നു, "സകല പ്രാർത്ഥനയാലും ഏതുനേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും, അതിനായി ജാഗരിച്ചും കൊണ്ട്, സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി, പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ"(എഫെസ്യർ 6:18). "ഇടവിടാതെ പ്രാർത്ഥിപ്പിൻ" എന്ന് പൗലൊസ് പിന്നീട് പറഞ്ഞു. ഒരു വ്യക്തിക്ക് എപ്പോഴും പ്രാർത്ഥനാ മനോഭാവം ഉണ്ടായിരിക്കണം. പ്രാർത്ഥന തടസപ്പെടുത്തുന്ന സംഭവങ്ങൾ നമുക്ക് നേരിട്ടേക്കാം. കാരണം നാം ശരീരത്തിലാണ് ജീവിക്കുന്നത്. നമുക്ക് ലോകപ്രകാരമുള്ള ആകർഷണങ്ങൾ അനുഭവപ്പെട്ടേക്കാം. ഈ വിഷയത്തെ കുറിച്ച് നാം പഠിക്കുമ്പോൾ, അതിൽ അടങ്ങിയിരിക്കുന്ന പല കാര്യങ്ങളും നമുക്ക് മുൻപിൽ ഉണ്ട്. അവ ഓരോന്നോരോന്നായി നമുക്ക് പരിഗണനക്കായി എടുക്കാം. പ്രാർത്ഥന ദൈവകൽപനയനുസരിച്ച് പുതിയ നിയമത്തിൽ ദൈവമക്കളായ ക്രിസ്ത്യാനികളുടെ അവകാശമാണ്.

അതിനർത്ഥം അ-ക്രൈസ്തവർക്ക് പ്രാർത്ഥിക്കുവാൻ പാടില്ല എന്ന ല്ല. ആർക്കു വേണമെങ്കിലും പ്രാർത്ഥിക്കാം. പക്ഷെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കേണ്ടതിന് ചില നിബന്ധനകൾ ദൈവം നിശ്ചയിച്ചി ട്ടുണ്ട്. അപ്രകാരം പ്രാർത്ഥിച്ചാലേ ദൈവം കേൾക്കുകയുള്ളു. എന്നാൽ പ്രാർത്ഥന ക്രിസ്ത്യാനികൾക്കുള്ള നേട്ടവും അനുഗ്രഹ വുമാണെന്ന് ദൈവം തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. "പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നും ദൈവഭ ക്തനായിരുന്നു അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന ദൈവം കേൾക്കുന്നുവെന്നും നാം അറിയുന്നു"(യോഹന്നാൻ 9:31).

ഒരാളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നതിനുള്ള നിബന്ധന കൾ ശ്രദ്ധിക്കുക-ആ വ്യക്തി ദൈവഭക്തനായിരിക്കണം, ദൈവേഷ്ടം ചെയ്യുന്നവനുമായിരിക്കണം. അങ്ങനെയുള്ള ആളാണ് ക്രിസ്ത്യാ നി. അപ്പോൾ പിന്നെ പാപികൾക്ക് എന്തിനുവേണ്ടി പ്രാർത്ഥിക്കു വാൻ കഴിയുകയില്ല? അവരുടെ പാപങ്ങൾ ക്ഷമിക്കുന്നതിനു അപേ ക്ഷിക്കുവാൻ സാധ്യമല്ല. കാരണം പാപമോചനത്തിന് എന്തു ചെയ്യണം എന്നു ദൈവം കൽപിച്ചിരിക്കുന്നു(പ്രവൃത്തികൾ 2:38; മർക്കൊസ് 16:16). അതുപോലെ പാപിയായിരിക്കുമ്പോൾ അയാൾക്ക് മറ്റു പലതിനും പ്രാർത്ഥിക്കാവുന്നതല്ല. പ്രാർത്ഥനയുമായി ബന്ധ പ്പെട്ടു പറയുന്ന പുതിയനിയമ വാക്യങ്ങളിലെല്ലാം കാണാവുന്ന പ്രത്യേകത എന്തെന്നാൽ അതു ക്രിസ്ത്യാനികൾ ആചരിച്ചിരുന്ന താണ് എന്ന് വ്യക്തമാണ്. വിശ്വാസത്താലും അനുസരണത്താലും ആണ് ക്രിസ്ത്യാനി ദൈവമകനായിത്തീരുന്നത്(ഗലാത്യർ 3:26, 27).

ദൈവമക്കൾക്ക് മാത്രമെ ദൈവത്തെ അബ്ബാ പിതാവേ എന്നു വിളിക്കുവാൻ കഴിയു (റോമർ 8:15). പ്രാർത്ഥനയാൽ എല്ലാവർക്കും ദൈവമായ പിതാവിനെ സമീപിക്കാമെങ്കിൽ ക്രിസ്ത്യാനികളാകുന്ന തിൽ എന്തു വ്യത്യാസമാണുള്ളത്? മാതാപിതാക്കളുടെ മക്കൾക്ക് വീട്ടിൽ അവകാശമുള്ളതുപോലെ, ദൈവമക്കൾക്ക് ദൈവത്തിന്റെ ഭവനത്തിൽ അവകാശമുണ്ട്. ആത്മീകാനുഗ്രഹങ്ങൾ ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത് അവന്റെ ഭവനമാകുന്ന സഭയിലാ ണ്. സഭയ്ക്കു പുറത്ത് ആ വാഗ്ദാനം ലഭിക്കുകയില്ല. പാപം ചെയ്തിട്ടു പ്രാർത്ഥിച്ചാൽ അത് ക്ഷമിക്കപ്പെടും എന്നു പറയുന്നത് മാനുഷിക ഉപദേശം മാത്രമാണ്. ദൈവത്തിന്റെ ഉപദേശമല്ല. നമ്മുടെ

പ്രാർത്ഥന യേശു മുഖാന്തരം ദൈവസന്നിധിയിലെത്തണം. അതാണ് ദൈവേഷ്ടം. കാരണം യേശു മാത്രമാണ് ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേയുള്ള ഏക മദ്ധ്യസ്ഥൻ. അതുകൊണ്ട് മറ്റാരിൽകൂടെയും പ്രാർത്ഥിക്കുവാൻ ശ്രമിക്കരുത്. അങ്ങനെ പ്രാർത്ഥിച്ചാൽ അത് ദൈവസന്നിധിയിലെത്തുകയില്ല. ദൈവം നമ്മുടെ പിതാവാകയാൽ അവനിൽ നിന്നാണ് നമുക്ക് എല്ലാം ലഭിക്കുന്നത്. നമ്മിൽ പാപം വരുവാനിടയുള്ളതുകൊണ്ട്, യേശു നമുക്കുവേണ്ടി പക്ഷവാദം ചെയ്തുകഴിയുമ്പോൾ നമ്മോട് പിതാവായ ദൈവം കരുണ കാണിക്കും. ക്രിസ്തുയേശുവിലുള്ള വിശ്വാസം നിമിത്തമാണ് അവൻ നമ്മെ പിതാവിനോട് നിരപ്പിക്കുന്നത്.

"എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്"(1യോഹന്നാൻ 2:1, 2). വീണ്ടും നാം വായിക്കുന്നു, "ദൈവം ഒരുവനല്ലൊ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ. എല്ലാവർക്കും മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ യേശുക്രിസ്തു തന്നെ"(1തിമൊഥെയൊസ് 2:4, 5). അതുകൊണ്ട് നാം എല്ലായ്പോഴും യേശുക്രിസ്തുവിന്റെ അധികാരത്തിൽ, അല്ലെങ്കിൽ അവന്റെ നാമത്തിൽ പ്രാർത്ഥിക്കണം. നമ്മുടെ പ്രാർത്ഥന സത്യവും നീതിയും ആത്മാർത്ഥതയും ഉള്ളതാകണം.

പ്രാർത്ഥനയിൽ എന്തെല്ലാം ഉൾപ്പെട്ടിരിക്കണം, പ്രാർത്ഥനയുടെ ഉദ്ദേശം എന്നിവ മനസിലാക്കി വേണം പ്രാർത്ഥിക്കുവാൻ. ജാതികളെ പോലെ നാം വെറുതെ ജൽപനം ചെയ്തിട്ടു കാര്യമില്ല. അതിനു മറുപടി കിട്ടുമെന്ന് വിചാരിക്കരുത്. സെബദിപുത്രന്മാരുടെ അമ്മ യേശുവിന്റെ അടുക്കൽ വന്ന് തന്റെ പുത്രന്മാരിൽ ഒരാളെ നിന്റെ വലത്തും മറ്റൊരാളെ നിന്റെ ഇടത്തും ഇരിക്കുവാൻ വരം നൽകേണം എന്ന് അപേക്ഷിക്കുകയുണ്ടായി. അതിന് യേശു നിങ്ങൾ ചോദിക്കുന്നത് എന്ത് എന്ന് അറിയുന്നില്ല എന്നാണ് പറഞ്ഞത്. കാരണം അത് പിതാവിന്റെ അധികാരത്തിലിരിക്കുന്ന കാര്യമാണ്. ദൈവം അത് ആർക്കാണോ നിശ്ചയിച്ചിരിക്കുന്നത് അവർക്ക് മാത്രമെ ലഭിക്കുകയുള്ളു. അവന്റെ ഇഷ്ടപ്രകാരമേ നാം പ്രാർത്ഥിക്കാവു. നാം നമ്മുടെ ദൈവമായ കർത്താവിനെ ഒരിക്കലും പരീക്ഷിക്കരുത്. ദൈവത്തോടുള്ള നമ്മുടെ ആത്മിയ ബന്ധം ദൃഢമാക്കുന്നതാണ്

നമ്മുടെ പ്രാർത്ഥന. അതുകൊണ്ടാണ് ഇന്നു നമുക്ക് കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥന ചൊല്ലേണ്ടതില്ല എന്നു പറയുവാൻ കാരണം..

ദൈവരാജ്യം വന്നുകഴിഞ്ഞതിനാൽ അത് വീണ്ടും വരേണമേ എന്നു പ്രാർത്ഥിക്കുവാൻ പാടില്ല(എബ്രായർ 12:28; കൊലൊസ്യർ 1:13). പ്രാർത്ഥനയിൽ ഉൾപ്പെടുത്തേണ്ടവ എന്തെല്ലാമെന്ന് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നു. പ്രാർത്ഥിക്കുമ്പോൾ നാം ആദ്യം ദൈവത്തിന് അവൻ ചെയ്ത ഉപകാരങ്ങൾക്കെല്ലാം നന്ദി ചെലുത്തണം.അപ്പൊസ്തലനായ പൗലൊസ് പറയുന്നത് ശ്രദ്ധിക്കുക, "ഒന്നിനെ കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അപേക്ഷിക്കയത്രേ വേണ്ടത്" (ഫിലിപ്പിയർ 4:6). പത്രൊസ് തടവിലായിരുന്നപ്പോൾ സഭ മുട്ടിപ്പായി പ്രാർത്ഥിച്ചിരുന്നു(പ്രവൃത്തികൾ 12:5). തൽഫലമായി അവനെ ദൈവം വിടുവിച്ചു.നമ്മുടെ തെറ്റുകൾ അന്യോന്യം ഏറ്റു പറഞ്ഞു ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിക്കേണ്ടതാകുന്നു. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കും(യാക്കൊബ് 5:16).

ഓരോ ദിവസവും നമുക്ക് പ്രാർത്ഥിക്കുവാൻ ധാരാളം കാര്യങ്ങളുണ്ട്. സഭയുടെ വളർച്ചക്കുവേണ്ടി, നമ്മുടെ അയൽക്കാർക്കുവേണ്ടി, ഭരണാധികാരികൾക്കുവേണ്ടി, ദൈവവേല ചെയ്യുന്നവർക്കുവേണ്ടി, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നവർക്ക് വേണ്ടി ഇങ്ങനെ ധാരാളം ആവശ്യങ്ങൾ നമുക്ക് ദൈവത്തോട് അപേക്ഷിക്കുവാനുണ്ട്. ചില മുന്നറിയിപ്പുകൂടെ പ്രാർത്ഥന എന്ന വിഷയവുമായി നാം മനസിലാക്കേണ്ടതുണ്ട്. നാം മനുഷ്യരെ കാണിക്കേണ്ടതിന് പരസ്യമായി പ്രാർത്ഥിക്കാതെ രഹസ്യമായി വാതിലടച്ച് പ്രാർത്ഥിക്കുവാനാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ പ്രാർത്ഥിക്കുന്നവർക്ക് മനുഷ്യരിൽനിന്നു പ്രതിഫലം ലഭിക്കും. പക്ഷെ ദൈവത്തിൽനിന്നു പ്രതിഫലം ലഭിക്കുകയില്ല. മനുഷ്യരുടെ പിഴകളെ നാം അവരോട് ക്ഷമിക്കാഞ്ഞാൽ നമ്മുടെ പ്രാർത്ഥന ദൈവസന്നിധിയിലെത്തുകയില്ല(മത്തായി 6:14, 15). വ്യക്തിപരമായും കൂട്ടായും നമുക്ക് പ്രാർത്ഥിക്കാം. ശരിയായ രീതിയിൽ ജീവിച്ച് പ്രാർത്ഥിച്ചാൽ പ്രതിഫലം ലഭിക്കും.

# പരിശുദ്ധാത്മാവ് ഒരു ക്രിസ്ത്യാനിയിൽ വസിക്കുമോ?

## സണ്ണി ഡേവിഡ്

പരിശുദ്ധാത്മാവിനെ കുറിച്ച് ആളുകൾക്കിടയിൽ പല തെറ്റായ ധാരണകളുണ്ട്. പരിശുദ്ധാത്മാവ് ഒരു ശക്തിയാണെന്ന് വിശ്വസിക്കുന്നവരുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളെ കുറിച്ചും പല തെറ്റിദ്ധാരണകളും ലോകത്തിൽ നിലനിൽക്കുന്നുണ്ട്. പരിശുദ്ധാത്മാവ് ക്രിസ്ത്യാനികളിൽ വസിക്കുമോ എന്ന് നാം നോക്കുന്നതിന് മുൻപ് പരിശുദ്ധാത്മാവിനെ കുറിച്ച് അടിസ്ഥാനപരമായി ചില സത്യങ്ങൾ നാം മനസിലാക്കണം. പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണ്. കേൾക്കുവാനും അറിയുവാനും, മനസിലാക്കുവാനും കഴിവുള്ള വ്യക്തിയാണ് ദൈവത്തിന്റെ ആത്മാവ്. പരിശുദ്ധാത്മാവ് എന്നു പറയുവാൻ കാരണം പരിശുദ്ധാത്മാവിൽ പാപം ഒന്നുമില്ല എന്നതാണ്. പാപം മോചിക്കപ്പെടാത്ത വ്യക്തിയിൽ പരിശുദ്ധാത്മാവ് വരികയില്ല. ദൈവത്തിന്റെ ആത്മാവാണ് പരിശുദ്ധാത്മാവ്.

ദൈവശ്വാസിയ പ്രസ്താവനയാൽ അപ്പൊസ്തലനായ പൗലൊസ് റോമർക്ക് എഴുതിയ ലേഖനം 8:9-11 വരെയുള്ള വേദഭാഗത്തിൽ പറയുന്നത് പരിശുദ്ധാത്മാവ് ക്രിസ്ത്യാനിയിൽ വസിക്കുമെന്നാണ്. പരിശുദ്ധാത്മാവ് എങ്ങനെയാണ് ക്രിസ്ത്യാനിയിൽ വസിക്കുന്നത് എന്നതാണ് പലപ്പോഴും ചോദിക്കാറുള്ള ചോദ്യം. മാനുഷിക വിവേചനത്താൽ ബൈബിളിലെ പല കാര്യങ്ങളും നമുക്ക് മനസിലാക്കുവാൻ കഴിയുകയില്ല എന്ന് ആദ്യം തന്നെ നാം സമ്മതിക്കണം. ദൈവം പറഞ്ഞിരിക്കുന്നതുകൊണ്ട് നാം വിശ്വസിക്കുകയാണ് പലതും. വിശ്വാസത്താൽ നാം അത് സ്വീകരിക്കണം. ഉദാഹരണമായി ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നും ആദ്യ മനുഷ്യനെ അവൻ പൊടിയിൽനിന്നും മെനഞ്ഞു ജീവശ്വാസം ഊതി എന്നും പറയുന്നു(ഉൽപത്തി 1:1,2; 2:7). പുതിയ നിയമത്തിൽ ക്രിസ്തു പറയുന്നു വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും(മർക്കൊസ് 16:16). രക്ഷിക്കപ്പെടുന്നവരെ അവൻ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു എന്നും

പറയുന്നു(പ്രവൃത്തികൾ 2:47). ആ ഉപദേശങ്ങളെല്ലാം ബൈബിളി ലുള്ളതുകൊണ്ട് നാം വിശ്വസിക്കുകയാണ്.

അത് എങ്ങനെ ഒക്കെയാണെന്ന് ചോദിച്ചാൽ നമുക്ക് മനസിലാവുകയില്ല. ദൈവം അരുളിച്ചെയ്തതെല്ലാം സത്യമാണെന്ന് നാം വിശ്വാസത്താൽ അറിയുന്നു. ഒന്നുമില്ലായ്കയിൽ നിന്ന് എന്തെങ്കിലും ഒന്നുണ്ടാകട്ടെ എന്നു കൽപിച്ചാൽ അതുണ്ടാകുമെന്നത് തീർച്ചയാണ്. സൃഷ്ടിക്കുവാനുള്ള ദൈവത്തിന്റെ ശക്തിയെ ആർക്കും ചോദ്യം ചെയ്യാവുന്നതല്ല. പരിശുദ്ധാത്മാവ് ദൈവമാണെന്ന് ബൈബിൾ പറയുന്നു(പ്രവൃത്തികൾ 5:3, 4). ദൈവം തന്റെ മക്കളിൽ വസിക്കും(2 കൊരിന്ത്യർ 6:16). അതിൽ അതിശയിക്കത്തക്ക അത്ഭുതമില്ല. തിരുവെഴുത്ത് നൽകുന്ന സൂചനയനുസരിച്ച്, ഒരു യഥാർത്ഥ ക്രിസ്ത്യാനിയിൽ പിതാവും, പുത്രനും, പരിശുദ്ധാത്മാവും വസിക്കും(2തിമൊഥെയോസ് 3:12; ഗലാത്യർ 5:25). യേശുവിന്റെ പ്രാർത്ഥനയിൽ പറയുന്നതുപോലെ, അവൻ നമ്മിലും നാം അവനിലും വസിക്കും(യോഹന്നാൻ 17:21-23). പരിശുദ്ധാത്മാവ് ഇന്ന് എഴുതപ്പെട്ട വചനത്താലാണ് നമ്മെ നയിക്കുന്നത്. പരിശുദ്ധാത്മാവ് വസിക്കുന്നവരിൽ ആത്മാവിന്റെ ഫലം കാണുവാൻ കഴിയും. അതായത് സ്നേഹം, സന്തോഷം, സമാധാനം, ഇന്ദ്രിയജയം, പരോപകാരം, സൗമ്യത, ദയ, ദീർഘക്ഷമ എന്നിവയാണ് അത്.

ക്രിസ്ത്യാനിയുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണെന്ന് ബൈബിൾ പറയുന്നു. നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നുവല്ലൊ(1കൊരിന്ത്യർ 3:16, 17). "നിങ്ങളോ ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നുവരികിൽ നിങ്ങൾ ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവമുള്ളവരത്രേ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല. യേശുവിനെ മരിച്ചവരിൽനിന്നുയർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെ കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും"(റോമർ 8:9-11). അവസാനം നമ്മെ വീണ്ടെടുക്കുമെന്ന ഉറപ്പാണ് ആത്മാവെന്ന അച്ചാരം കൊണ്ട് ദൈവം ഉദ്ദേശിക്കുന്നത്.

★

# ലോകജ്ഞാനം ഭോഷത്വമാണ്

## ഹോളിസ് മില്ലർ

ലൗകികമനുഷ്യരെ ഇന്ന് സ്വാധീനിക്കുന്നത് ലോകത്തുള്ള ജ്ഞാനമാണ്. അതായത് ലോകത്തിൽനിന്നു ലഭിക്കുന്ന അറിവ്. വേറൊരു വിധത്തിൽ പറഞ്ഞാൽ അത് മനുഷ്യരിൽനിന്നുത്ഭവിച്ചതായ അറിവാണ്. ദൈവജ്ഞാനവും ലോകജ്ഞാനവും രണ്ടും രണ്ടാണ്. മനുഷ്യരുടെ അറിവ് എപ്പോഴും തരം താണതായിരിക്കും. അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ പ്രതിപാദിക്കുന്ന പ്രസ്താവനയിൽനിന്ന് നമുക്ക് പഠിക്കാവുന്ന പല ഗുണപാഠങ്ങളുണ്ട്. അവിടെ പറഞ്ഞിരിക്കുന്നത് ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്നവർക്ക് അത് ദൈവത്തിന്റെ ശക്തിയുമാകുന്നു എന്നാണ്. പാപം നിമിത്തമാണ് ആളുകൾ നഷ്ടപ്പെട്ടുപോകുന്നത്. എന്നാൽ ആ നഷ്ടം ഒഴിവാക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവ കൃപ അതിന് ലഭ്യവുമാണ്.

തത്വചിന്തകന്മാരുടെ തത്വജ്ഞാനത്തിന് ആരുടേയും പാപപരിഹാരം സാധ്യമല്ല. പാപം മനുഷ്യരെ ധാർമ്മികവും ആത്മികവുമായി അധപ്പതിപ്പിക്കുന്നു. മാനുഷചിന്തക്കപ്പുറം പോകുവാൻ ലോകജ്ഞാനത്തിനു കഴിവില്ല. ബാഹ്യമായി ഓരോരുത്തരുടേയും കണ്ണിനു കാണുന്ന വിധത്തിലാണ് ആളുകൾ ചിന്തിക്കുന്നത്. ദൈവവിചാരവും മനുഷ്യരുടെ വിചാരവും രണ്ടും രണ്ടാണ്. ദൈവത്തിന്റെ വിചാരം ഉയർന്നതും മനുഷ്യന്റെ വിചാരം താഴ്ന്നതുമാകുന്നു. മനുഷ്യനെ അന്ധകാരത്തിൽനിന്നു വിടുവിപ്പാൻ തത്വജ്ഞാനത്തിനു കഴിയുമായിരുന്നെങ്കിൽ ഗ്രീക്കുകാർക്ക് അതിനു സാധിക്കുമായിരുന്നു. ഭൂമിയിലുണ്ടായിരുന്ന വലിയ തത്വജ്ഞാനികളെ കുറിച്ച് അവർക്ക് പ്രശംസിക്കുവാൻ കഴിയും. അവരുടെ ബുദ്ധിശക്തിക്കൊന്നും മനുഷ്യരെ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്ക് തിരിക്കുവാൻ കഴിഞ്ഞില്ല. സത്യത്തിനു മാത്രമെ ആത്മാക്കളെ സ്വതന്ത്രമാക്കുവാൻ കഴിയു.

ക്രിസ്തുവിന്റെ ക്രൂശ് ദൈവത്തിന്റെ ജ്ഞാനമാകുന്നതെങ്ങനെ എന്നു നോക്കുമ്പോഴാണ് ആ ജ്ഞാനത്തിന്റെ പ്രത്യേകത നാം

കാണുന്നത്.ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ ബുദ്ധി ഞാൻ ദുർബ്ബലമാക്കുകയും ചെയ്യും എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു. അതുകൊണ്ട് പൗലൊസ് ചോദിക്കുന്നു, 'ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? ഈ ലോകത്തിന്റെ താർക്കികൻ എവിടെ? ലോകത്തിന്റെ ജ്ഞാനം ദൈവം ഭോഷത്വമാക്കിയില്ലയോ? ദൈവത്തിന്റെ ജ്ഞാനത്താൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കയാൽ വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന് പ്രസാദം തോന്നി. അതിനാലാണ് സുവിശേഷം സകലജാതികളോടും പ്രസംഗിക്കുവാൻ കർത്താവ് ആവശ്യപ്പെട്ടത്. അവന്റെ ശിഷ്യന്മാർ അതു നിറവേറ്റുകയും ചെയ്തു. സുവിശേഷ പ്രസംഗം കേട്ട് വിശ്വസിക്കുന്നവരെയാണ് കർത്താവ് രക്ഷിക്കുന്നത്.

അപ്പൊസ്തലന്മാരുടെ സന്ദേശം ഒന്നാം നൂറ്റാണ്ടിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല. വിവിധ രീതിയിൽ ക്രിസ്തീയ വിശ്വാസത്തെ ആളുകൾ ആക്രമിക്കുമ്പോൾ വിശ്വാസികൾ സന്തോഷിക്കുകയാണ് ചെയ്യുന്നത്. അവർ പരിഹാസത്തിനും നിന്ദക്കും പാത്രമാകുമ്പോൾ അവരുടെ പ്രതിഫലം വലുതാകുന്നു എന്ന് അവർക്കറിയാം. പൗലൊസ് പറയുന്നത് അവർ ചെയ്യുന്നത് ഭോഷത്വമാണ് എന്നാണ്. ഒന്നു കൊരിന്ത്യർ ഒന്നാം അദ്ധ്യായത്തിൽ നിന്നു സഭ എന്താണ് പഠിക്കുന്നത്. സുവിശേഷം ഇന്നു ത്യജിക്കപ്പെട്ടിരിക്കുകയാണ്. ഏറ്റവും ആവശ്യമായ ഒന്നിനെയാണ് അവർ തള്ളിക്കളഞ്ഞിരിക്കുന്നത്. അതിനു പകരമായി ആളുകൾ എടുത്തിരിക്കുന്നത് മാനുഷജ്ഞാനമാണ് എന്നത് ഖേദകരമാണ്.

അതുപോലെ തന്നെ അപകടകരമാണ് ലോകജ്ഞാനം സഭയിൽ ദത്തെടുക്കുന്നത്. സഭയെ നയിക്കേണ്ടത് തിരുവെഴുത്തു മാത്രമായിരിക്കണം. കൽപനയായിട്ടോ മാതൃകയായിട്ടോ നമുക്ക് വചനത്തിൽ നൽകിയിരിക്കുന്ന മാതൃകയിൽ നാം തൃപ്തിയടയണം. എഴുതിയിരിക്കുന്നതിനപ്പുറമായി നാം ഭാവിക്കരുത്. ദൈവശ്വാസിയ വെളിപ്പെടുത്തലുകളിൽ ഉള്ളതാണ് നമുക്ക് ആവശ്യമായ ജ്ഞാനം. അതുകൊണ്ട് നാം ദൈവികജ്ഞാനത്താൽ മാത്രമെ നയിക്കപ്പെടാവൂ. സുവിശേഷത്താലുള്ള വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുക.

# രക്തത്താലുള്ള മോചനം

## ടി. പിയേഴ്സ് ബ്രൗൺ

മാംസത്തിന് ജീവൻ നൽകുന്ന ഒന്നാണ് രക്തം. എന്നാൽ പഴയ നിയമത്തിലും പുതിയ നിയമത്തിലും രക്തം കൂടാതെ വിമോചന മില്ല എന്നത് സത്യമാണ്(എബ്രായർ 9:22). എന്നാൽ പഴയനിയമ കാലത്ത് മൃഗരക്തമായിരുന്നു പാപത്തിന് പ്രായശ്ചിത്തമായി പറ ഞ്ഞിരുന്നത്. ആട്ടുകൊറ്റന്മാരുടേയും കാളക്കിടാങ്ങളുടേയും രക്ത മാണ് മഹാപുരോഹിതൻ പാപപരിഹാരയാഗമായി അർപ്പിച്ചിരുന്ന ത്. അത് മഹാപുരോഹിതൻ വർഷത്തിലൊരിക്കൽ ചെയ്തു വന്നി രുന്നു. കാരണം ആ യാഗം താൽക്കാലികമായിരുന്നു. പൗരോഹി ത്യവ്യവസ്ഥ നിലനിന്നിരുന്ന കാലമായിരുന്നു അത്. ഏതു കാല ത്തിൻ കീഴിൽ ജീവിക്കുന്നവർക്കും പാപത്തിൽനിന്ന് വിടുതൽ ആവ ശ്യമായിരുന്നു. കാരണം മനുഷ്യരെല്ലാവരും പാപം ചെയ്യുന്നവരാ ണ്. പാപം ചെയ്യാതെ നീതി മാത്രം ചെയ്യുന്ന ഒരു നീതിമാനും ലോകത്തിലില്ല. പരിശുദ്ധനായ ദൈവവുമായി അടുക്കുവാൻ മനു ഷ്യന് സ്വയമായി കഴിയാതെ വന്നപ്പോൾ ദൈവനീതിയാൽ അവൻ അതിന് ഒരു വഴി ഒരുക്കി.

പ്രവൃത്തികൾ 20:26, 27 ൽ അപ്പൊസ്തലനായ പൗലൊസ് പറ യുന്നു, "ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെക്കാതെ ഞാൻ നിങ്ങളോട് അറിയിച്ചു തന്നിരിക്കുന്നു. ഇനി നിങ്ങളിൽ ആരെങ്കിലും നഷ്ടപ്പെട്ടുപോയാൽ ഞാൻ ഉത്തരവാദിയല്ല. കിങ് ജെയിംസ് വെർഷനിൽ, "ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെക്കാതെ ഞാൻ നിങ്ങളോട് അറിയിച്ചിരിക്കുന്നു. ഇനി നിങ്ങളിൽ ആരെങ്കിലും നഷ്ടപ്പെട്ടുപോയാൽ നിങ്ങളുടെ രക്തത്തിന് ഞാൻ കുറ്റക്കാരനല്ല." പഴയനിയമ ദൈവപുരുഷന്മാരുടെ ലക്ഷ്യം ദുഷ്ടന്മാരോട് അവ രുടെ ദുഷ്ടത ഓർപ്പിക്കുകയായിരുന്നു. അങ്ങനെ ഓർപ്പിച്ചിട്ട് അവൻ കേൾക്കാതിരുന്നാൽ അവന്റെ രക്തത്തിന് ആ ദൈവപുരുഷൻ ഉത്ത രവാദിയായിരിക്കുകയില്ല. നേരെ മറിച്ച് ദൈവപുരുഷൻ അത് ഓർപ്പി ച്ചില്ലെങ്കിൽ അവന്റെ രക്തത്തിന് ആ ദൈവപുരുഷൻ കണക്കു കൊടുക്കണം. ഇതായിരുന്നു ദൈവകൽപന. ദൈവകൽപന നീക്കം വരുത്താവുന്നതല്ല എന്ന് പ്രത്യേകം പറയട്ടെ.

പൗലൊസ് അപ്പൊസ്തലൻ ആളുകളുടെ മുഖം നോക്കിയായിരുന്നില്ല പ്രസംഗിച്ചത്. സമൂഹത്തിൽ സ്വാധീനശക്തിയുള്ളവരുടെ പാപത്തെ കുറിച്ച് പറയാതെയിരുന്നില്ല. അത്യാഗ്രഹികളും പിടിച്ചുപറിക്കാരും പരദൂഷണം പരത്തിയിരുന്നവരെയെല്ലാം നോക്കി അത് അവർക്ക് ദോഷമാണെന്ന് തുറന്നു പറഞ്ഞു. ഏതു നിസാരകാര്യം ചൊല്ലിയും ഭാര്യമാരെ ഉപേക്ഷിച്ചിരുന്നവരോടും ആ തെറ്റു ചൂണ്ടികാണിക്കാതിരുന്നില്ല. അതുകൊണ്ടാണ് അവൻ ചുരുക്കി പറഞ്ഞത് ദൈവത്തിന്റെ ആലോചന മുഴുവനും ഞാൻ അറിയിച്ചു തന്നു എന്ന്. "ഞാനോ നിങ്ങളോടു പറയുന്നത്, പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു" എന്നാണ് കർത്താവ് പറഞ്ഞിരിക്കുന്നത്(മത്തായി 19:9).

എന്റെ സുവിശേഷപ്രസംഗ ജീവിതകാലയളവിൽ തുടങ്ങുന്നതു തന്നെ പുതിയനിയമോപദേശങ്ങളെല്ലാം അടങ്ങുന്ന ഒരു വ്യവസ്ഥാപിതമായ പഠനം നടത്തിക്കൊണ്ടാണ്. ഓരോ പ്രദേശത്തെയും ആളുകൾക്ക് പ്രയോജനപ്പെടുന്നവിധത്തിൽ ആയിരുന്നു പ്രസംഗങ്ങൾ അവതരിപ്പിച്ചിരുന്നത്. അതേസമയം ക്രിസ്തുവും അപ്പൊസ്തലന്മാരും പഠിപ്പിച്ച ഉപദേശരൂപങ്ങളെല്ലാം അതേപടി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. സാധ്യമായ വിധത്തിലെല്ലാം ആത്മാക്കളുടെ രക്ഷയായിരിക്കണം നമ്മുടെ പ്രസംഗത്തിന്റെ ഉദ്ദേശം. ക്രിസ്തുവിന്റെ ഉപദേശത്തിൽ വിശ്വസിച്ച് അത് അനുസരിച്ചാലുണ്ടാകുന്ന നേട്ടങ്ങളും വിശ്വസിക്കുകയോ അനുസരിക്കുകയോ ചെയ്യാതെ വചനത്തെ തള്ളിക്കളഞ്ഞാൽ ഉണ്ടാകുവാനിടയുള്ള ശിക്ഷയെയും എല്ലാവരെയും അറിയിക്കണം. സ്വർഗീയമായ അനുഗ്രഹങ്ങളും നരകയാതനയും ആളുകളെ ബോധ്യപ്പെടുത്തണം. ആളുകൾ പാപം ചെയ്യാതിരിക്കേണ്ടതിനും ദൈവത്തെ അനുസരിക്കേണ്ടതിനും അത് ആവശ്യമാണ്. ദൈവത്തെ അറിഞ്ഞ് അവന്റെ കൽപനകൾക്ക് വിധേയമായി ജീവിച്ചാൽ ദൈവവാഗ്ദാനപ്രകാരമുള്ള അനുഗ്രഹങ്ങൾ ലഭിക്കും. അതല്ലെങ്കിൽ ദൈവികമായ ശാപവും ലഭിക്കും.

✶

# ഏക സ്നാനം

## ഡേവിഡ് തർമാൻ

എന്റെ അഭിപ്രായത്തിൽ മറ്റു മതപരമായ കാര്യങ്ങളെയപേക്ഷിച്ച് സ്നാനത്തെ കുറിച്ചാണ് ഏറ്റവുമധികം അഭിപ്രായ വ്യത്യാസങ്ങളുള്ളത്. ചില സഭകൾ കൊച്ചുകുട്ടികളെ വെള്ളം കോരി ഒഴിച്ചും വേറെ ചിലർ വെള്ളം തളിച്ചും സ്നാനപ്പെടുത്തുന്നു. മറ്റുള്ളവർ വെള്ളത്തിൽ മുക്കിയാണ് സ്നാനപ്പെടുത്തുന്നത്. എങ്ങനെയായാലും സ്നാനശേഷമാണ് ക്രിസ്ത്യാനിയായി, രക്ഷിക്കപ്പെട്ടു എന്നെല്ലാം പറയുന്നത്. ചിലർ രക്ഷക്കായി മുങ്ങൽ സ്നാനം പരിശീലിക്കുന്നു. ഒരു പേരിൽ അല്ലെങ്കിൽ മറ്റൊരു പേരിൽ, ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ മിക്കവാറും എല്ലാ മതങ്ങളും ഇത് ആചരിക്കുന്നുണ്ട്.

വെള്ളം കൂടാതെയുള്ള വരണ്ട സ്നാനം പരിശുദ്ധാത്മാവിനാൽ ഏൽക്കേണ്ടതായി ചിലർ വിശ്വസിക്കുന്നു. പക്ഷെ സ്നാനത്തെ കുറിച്ച് തിരവെഴുത്ത് പറയുന്നതെന്താണ്? അതാണ് നമുക്ക് നോക്കുവാനുള്ളത്. "ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ"(എഫെസ്യർ 4:4-6). നിങ്ങൾ സ്നാനത്തെ കുറിച്ച് എന്തു വിചാരിച്ചാലും അപ്പൊസ്തലനായ പൗലൊസ് ദൈവശ്വാസിയമായി രേഖപ്പെടുത്തിയിരിക്കുന്നത് സ്നാനം ഒന്നു മാത്രമാണെന്നാണ്. നമുക്ക് ഉണ്ടാകേണ്ട ഐക്യതയെയാണ് അപ്പൊസ്തലൻ ഊന്നി പറയുന്നത്. അടിസ്ഥാനപരമായി അതിനു സ്വീകരിക്കേണ്ടതെന്തെല്ലാമാണെന്നും വെളിപ്പെടുത്തിയിരിക്കുന്നു.

വിശ്വാസവും സ്നാനവും ഒരു പാപിയെ രക്ഷിക്കുവാനായി ദൈവം നിശ്ചയിച്ച ഘടകങ്ങളാണ്. ഇത് പലരേയും അതിശയപ്പെടത്തുന്നുണ്ട്. കാരണം സ്നാനത്തെ യേശു കൽപിച്ചതിന്റെ അർത്ഥം അവർക്ക് ശരിക്കും അറിയില്ല. യേശു ശിഷ്യന്മാരോട്, "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ; വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ

അകപ്പെടും"(മർക്കൊസ് 16:15, 16).. രക്ഷ വിശ്വാസത്താൽ മാത്രം ലഭിക്കുന്നതാണ് എന്ന് വളരെയധികം പേർ വിശ്വസിക്കുന്നുണ്ട്. ഒരു വ്യക്തിക്ക് യേശുവിലുള്ള വിശ്വാസം സ്നാനത്തിൽകൂടെ പ്രകടമാക്കുമ്പോഴാണ് കർത്താവ് അവനെ രക്ഷിക്കുന്നത്. യേശുവിന്റെ പ്രസ്താവന ശിശുക്കളെ ഒഴിവാക്കുന്നതാണ്, കാരണം ശിശുക്കൾക്ക് വിശ്വസിക്കുവാൻ സാധ്യമല്ല.

വിശ്വസിക്കാത്തവർ യേശു കൽപിച്ച യാതൊന്നും അനുസരിക്കുകയില്ല. അതുകൊണ്ട് അവർ നഷ്ടപ്പെടുകയും ശിക്ഷാവിധി അനുഭവിക്കുകയും ചെയ്യും. സ്നാനപ്പെടുമ്പോൾ യഥാർത്ഥത്തിൽ എന്തു സംഭവിക്കണം എന്ന് ദൈവം അരുളിച്ചെയ്തിരിക്കുന്നു. "അല്ല, യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ"(റോമർ 6:3-6). എല്ലാവർക്കും സ്നാനം ആവശ്യമാണെന്ന് കർത്താവ് കൽപിച്ചത് ശ്രദ്ധിക്കുക. സ്നാനത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് അപ്പൊസ്തലൻ പറഞ്ഞതും മനസിലായല്ലൊ.

സ്നാനത്തിൽ നാം പാപസംബന്ധമായി മരിക്കുക മാത്രമല്ല, ക്രിസ്തുവിനോടു ബന്ധപ്പെടുകയും ചെയ്യുന്നു. അവൻ തന്റെ രക്തം ചിന്തിയത് പാപമോചനത്തിനായിരുന്നു. അവന്റെ മരണത്തോട് നാം ഏകീഭവിക്കുമ്പോൾ അവന്റെ രക്തത്തിന്റെ ഫലം നമുക്ക് അനുഭവപ്പെടും. തന്നെയുമല്ല, സ്നാനം ഒരു പുതിയ ജീവിതത്തിന്റെ തുടക്കവുമാണ്. അത് ആത്മിയജീവിതത്തിന്റെ ആരംഭമാണ്. മരിച്ച ആളുകളെ അടക്കം ചെയ്യുന്നത് മണ്ണു വിതറിയോ കോരിയിട്ടോ അല്ലല്ലൊ. മൃതശരീരങ്ങൾ മുഴുവനും അടക്കം ചെയ്യും. സ്നാനം അടക്കമാണ് എന്നു തിരുവെഴുത്തു സാക്ഷ്യപ്പെടുത്തുന്നു. ശിശുക്കളെ സ്നാനപ്പെടുത്തുന്നവർ ബൈബിളിൽ കർത്താവ് പറയുന്നതുപോലെയാണോ ചെയ്യുന്നത്? ദൈവവചനം വായിക്കുന്നവരും മനസിലാക്കുന്നവരും അത്തരം സ്നാനത്തെ സ്വീകരിക്കുകയില്ല. കാരണം

ദൈവം അത് സ്വീകരിക്കുകയില്ല. തെറ്റായ സ്നാനം എടുത്ത ആളുകളുണ്ടായിരുന്നു. അവരെ കുറിച്ച് പറഞ്ഞിരിക്കുന്നതു നമുക്ക് വായിക്കാം. "അപ്പൊല്ലൊസ് കൊരിന്തിൽ ഇരിക്കുമ്പോൾ പൗലൊസ് ഉൾപ്രദേശങ്ങളിൽ കൂടെ സഞ്ചരിച്ച് എഫെസൊസിൽ എത്തി ചില ശിഷ്യന്മാരെ കണ്ടു; നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്ന് .അവരോട് ചോദിച്ചതിന്ന് പരിശുദ്ധാത്മാവ് ഉണ്ടെന്നു പോലും ഞങ്ങൾ കേട്ടിട്ടില്ല എന്ന് അവർ പറഞ്ഞു. എന്നാൽ ഏതായിരുന്നു അവരുടെ സ്നാനം എന്ന് അവരോട് ചോദിച്ചതിന്ന്, യോഹന്നാന്റെ സ്നാനം എന്ന് അവർ പറഞ്ഞു" തുടർന്ന് അവർ യേശുവിന്റെ നാമത്തിൽ വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്തു(പ്രവൃത്തികൾ 19:1-7).

അതുകൊണ്ട് നിങ്ങൾ തെറ്റായ ഉദ്ദേശത്തിനായി, തെറ്റായ സ്നാനം ഏറ്റിട്ടുണ്ടെങ്കിൽ അത് തിരുത്തുവാൻ ഇപ്പോൾ അവസരമുണ്ട്. ദുരഭിമാനം അതിനു തടസമാകരുത്. യേശുക്രിസ്തുവും അപ്പൊസ്തലന്മാരും കൽപിച്ചിരിക്കുന്ന സ്നാനമാണ് ആധികാരികമായത് എന്നു തിരിച്ചറിയുക. ആ ആളുകൾ യേശുവിനെ അനുഗമിച്ചവരായിരുന്നു. പക്ഷെ അവർക്ക് യേശുവിനെ കുറിച്ച് അധികമൊന്നും അറിവില്ലായിരുന്നു. അതുകൊണ്ട് അവർക്ക് സ്നാനത്തെ കുറിച്ച് അറിവ് പകരേണ്ടത് ആവശ്യമായിരുന്നു. അതുപോലെ ഇന്നും തെറ്റായ സ്നാനം ഏറ്റവർക്ക് ശരിയായ സ്നാനത്തെ കുറിച്ച് അറിവ് പകർന്നു കൊടുക്കണം.

പൗലൊസ് അവരെ തള്ളിക്കളയുകയോ കുറ്റപ്പെടുത്തുകയോ അല്ല ചെയ്തത്. പിന്നെയോ അവരെ ശരിയായത് ചെയ്യുവാൻ പ്രോൽസാഹിപ്പിക്കുകയായിരുന്നു ചെയ്തത്. നാമും ആളുകളെ സൗമ്യതയോടെ സത്യം പഠിപ്പിക്കുകയാണ് വേണ്ടത്. ആ ആളുകൾ ദൈവവചനത്തോട് പ്രതികരിച്ചതിനെ ഞാൻ അഭിനന്ദിക്കുന്നു. അവർ തങ്ങളുടെ സ്നാനത്തെ ന്യായീകരിക്കുവാനോ തർക്കിക്കുവാനോ തയ്യാറായിരുന്നില്ല. പൗലൊസ് പറഞ്ഞത് സത്യമാണെന്ന് വിശ്വസിച്ച് അവർ അങ്ങനെ തന്നെ ചെയ്തു. സ്നാനം എന്ന നടപടിയിൽ എന്താണ് അടങ്ങിയിരിക്കുന്നത് എന്ന് നമുക്ക് പരിശോധിക്കാം. സ്നാനം എന്ന വാക്കിന്റെ അർത്ഥം മുങ്ങൽ എന്നാണ്. അതുകൊണ്ട് അത് വെള്ളത്തിലുള്ള അടക്കമായി പറഞ്ഞിരിക്കുന്നു.

ദൈവം ഓരോ മനുഷ്യനും വേണ്ടി തയ്യാറാക്കിയതാണ് സ്നാനം

എന്നു നാം മനസിലാക്കണം. പൗലൊസ് ശൗലായിരുന്നപ്പോൾ ഏറ്റ സ്നാനത്തെ വിവരിച്ച് പറയുന്നുണ്ട്. അനന്യാസ് എന്ന സുവിശേഷകൻ ശൗലിനോട്, "നമ്മുടെ പിതാക്കന്മാരുടെ ദൈവം നിന്നെ തന്റെ ഇഷ്ടം അറിവാനും നീതിമാനായവനെ കാൺമാനും, അവന്റെ വായിൽനിന്നു വചനം കേൾപ്പാനും നിയമിച്ചിരിക്കുന്നു. നീ കാൺകയും കേൾക്കയും ചെയ്തതിന്നു സകല മനുഷ്യർക്കും സാക്ഷിയായി തീരും. ഇനി താമസിക്കുന്നത് എന്ത്? എഴുന്നേറ്റു അവന്റെ നാമം വിളിച്ച് പ്രാർത്ഥിച്ച് സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക"(പ്രവൃത്തികൾ 22:14-16).

ദൈവത്തിനു ശൗലിന്റെ ജീവിതത്തെ കുറിച്ച് വലിയോരു പദ്ധതി ഉണ്ടെന്നാണ് ആദ്യം അനന്യാസ് അവനോട് പറഞ്ഞത്. അവൻ എന്തെല്ലാം തെറ്റു ചെയ്താലും അവയെല്ലാം ദൈവം അവനോട് ക്ഷമിക്കുമെന്നും അവന് എല്ലാം ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ആദ്യമേ ആരംഭിക്കാമെന്നുമാണ് സുവിശേഷകൻ പറഞ്ഞത്. .സ്നാനമേൽപിൻ എന്നാണ് അനന്യാസ് അവനോട് പറഞ്ഞത്. യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുവാൻ അവനോട് പറഞ്ഞ ശേഷമാണ് ദൈവകൽപന അനുസരിക്കുവാൻ പറഞ്ഞത്. അവന്റെ മുൻകാലജീവിതം ക്രിസ്തുവിന്റെ നാമത്തിനെതിരായിട്ടുള്ളതായിരുന്നു. അതായത് ക്രിസ്തുവിന്റെ അധികാരത്തിനെതിരായി അവൻ ക്രിസ്ത്യാനികളെ ഉപദ്രവിച്ചുവരികയായിരുന്നു. പത്രൊസിന്റെ ആദ്യത്തെ സുവിശേഷപ്രസംഗത്തിന്റേയും അവസാനം ഓരോരുത്തൻ മാനസാന്തരപ്പെട്ട് പാപമോചനത്തിനായി സ്നാനം ഏൽപിൻ എന്നായിരുന്നു.

സ്നാനമേറ്റ് നിന്റെ പാപങ്ങളെ കഴുകി കളക എന്നും പറഞ്ഞു(പ്രവൃത്തികൾ 22:16). ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണുവാൻ സാധ്യമല്ല. പാപം മോചിച്ചുകിട്ടിയാലേ നാം ശുദ്ധീകരിക്കപ്പെടുകയുള്ളു. ഇത് യേശുവിനെ സ്വന്ത രക്ഷിതാവായി ഹൃദയത്തിൽ വെറുതെ സ്വീകരിക്കുന്നതിലൂടെ ലഭിക്കുകയില്ല, പരിവർത്തനം സംഭവിച്ചവരെല്ലാം അവരുടെ പാപങ്ങൾ കഴുകപ്പെട്ടപ്പോൾ സന്തോഷിച്ചു. നിങ്ങൾ ഒരു ക്രിസ്ത്യാനിയായി തീർന്നിട്ടില്ലെങ്കിൽ ഇന്നു തന്നെ അവനിൽ വിശ്വാസം അർപ്പിച്ച് പാപങ്ങളെ ഉപേക്ഷിച്ച് സ്നാനമേൽക്കുക. അപ്പോൾ കർത്താവ് രക്ഷിക്കും.

# സ്വർഗം എളുപ്പത്തിൽ വേണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്?

## ജെറി ബേറ്റ്സ്

നിങ്ങൾ സ്വർഗത്തിൽ പോകുവാൻ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ അത് എളുപ്പവഴിയിൽ കണ്ടെത്തുവാനാണോ താൽപര്യപ്പെടുന്നത്? അനേകം ആളുകൾ കുറുക്കു വഴികളിലൂടെ പലതും നേടുവാൻ ആഗ്രഹിക്കുന്നുണ്ട്. എന്നാൽ ആത്മികമായി ദൈവത്തിൽ നിന്ന് എന്തെങ്കിലും എളുപ്പവഴിയിൽ നേടാമെന്ന് ചിന്തിക്കുന്നത് തന്നെ വ്യാമോഹമാണ്. ത്യാഗം കൂടാതെ പാപമോചനം സാധ്യമല്ലെന്നതിനാലാണ് യേശു അതിനു തയ്യാറായത്. വിലയുള്ളതെന്തും നേടിയെടുക്കുവാൻ വില കൊടുക്കണം എന്നു നമുക്ക് അറിയാം. സ്വർഗം വളരെ മനോഹരമാണ്. പക്ഷെ അവിടെ പ്രവേശിക്കുവാൻ ദൈവികമായ നിബന്ധനകൾ നാം പാലിക്കണം. യേശുക്രിസ്തു നമുക്ക് വേണ്ടി അത് ലഘൂകരിച്ചിരിക്കയാണ്.

ഊർജ്ജസ്വലനായ ഒരു യുവാവ് ബിസിനസിൽ ഉയർച്ച നേടിയ ഒരു വ്യാപാരിയുടെ അടുത്ത് ചെന്ന് അയാളുടെ വിജയത്തിന്റെ രഹസ്യം ആരാഞ്ഞു. നിങ്ങളുടെ വിജയത്തിന്റെ മുഖ്യകാരണം എന്താണെന്ന് ചോദിച്ചതിന് അദ്ദേഹം ഉടനെ മറുപടി പറഞ്ഞു, “കഠിനാദ്ധ്വാനം.” ദൈവപദ്ധതി നടപ്പാക്കുക എന്ന ലക്ഷ്യവുമായി വന്ന യേശുക്രിസ്തുവിനെ എളുപ്പത്തിൽ നേടിയെടുക്കാവുന്ന കാര്യങ്ങളാൽ പരീക്ഷിക്കുകയുണ്ടായി. എന്നാൽ യേശു അതിനെയെല്ലാം നിഷ്ക്കരുണം തള്ളിക്കളഞ്ഞു. ലൗകികമായ പലതും ഉടനെ നേടിയെടുക്കാമെന്ന മോഹം ആളുകളിൽ ജ്വലിപ്പിച്ചുകൊണ്ടാണ് സാത്താൻ പ്രവർത്തിക്കുന്നത്.

എളുപ്പവഴിയിൽ പണമുണ്ടാക്കുവാനും ധനികരാകുവാനും ശ്രമിക്കുന്നവർ ധാരാളമുണ്ട്. തീരാ നഷ്ടത്തിൽ കലാശിക്കുമ്പോൾ അവർ നിരാശരായി തീരും. അഴിമതി നടത്തുന്ന ഏതൊരാളെ പരിശോധിച്ചാലും അയാൾ എളുപ്പത്തിൽ അമിതമായി സമ്പാദിക്കുവാൻ ശ്രമിക്കുകയാണ്. ത്യാഗം ഒഴിവാക്കി ആഡംബരജീവിതമാണ് അവരുടെ ലക്ഷ്യം. അത്തരം സ്വഭാവമുള്ളവർ പിശാചിന് അടിമപ്പെട്ടി

രിക്കയാണ്. യേശുവിന്റെ ശിഷ്യന്മാരും പല കാര്യങ്ങളിലും എളുപ്പ വഴി ചിന്തിച്ചിരുന്നു. യേശു മരിക്കാതിരിക്കുവാനാണ് പത്രൊസ് ആഗ്ര ഹിച്ചിരുന്നത്. മനുഷ്യപുത്രനെ കുറിച്ച് മനുഷ്യർ ആരെന്നാണ് പറ യുന്നത് എന്ന് യേശു ഒരിക്കൽ അപ്പൊസ്തലന്മാരോട് ചോദിച്ചു. പിന്നീട് അപ്പൊസ്തലന്മാർ അവനെ ആരെന്ന് വിചാരിക്കുന്നു എന്ന് ചോദിച്ചതിന് പത്രൊസ്, "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു എന്ന് ഉത്തരം പറഞ്ഞു. പിന്നീട് അവൻ വിഷയം മാറ്റി അവൻ അവരോട് സംഭവിക്കുവാൻ പോകുന്നതെന്താണെന്ന് വ്യക്തമാക്കി.

അന്നുമുതൽ യേശു താൻ യെരുശലേമിൽ ചെന്നിട്ട് മൂപ്പന്മാർ മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ചു കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയും വേണ്ടത് എന്നു ശിഷ്യന്മാരോട് പ്രസംഗിച്ചുതുടങ്ങി. പത്രൊസ് അവനെ വേറിട്ടു കൊണ്ടുപോയി കർത്താവേ, അത് അരുതേ, നിനക്ക് അങ്ങനെ സംഭവിക്കരുതേ എന്നു ശാസിച്ചു തുടങ്ങി. അവനോ തിരിഞ്ഞ് പത്രൊസിനോട്, സാത്താനേ നീ എന്നെ വിട്ട് പോ നീ എനിക്ക് ഇടർച്ചയാകുന്നു. നീ ദൈവത്തിന്റേതല്ല മനുഷ്യ രുടേതത്രേ കരുതുന്നത് എന്നു പറഞ്ഞു(മത്തായി 16:21-24). ക്രിസ്തീയ വഴി എളുപ്പമാണെന്ന് യേശു പഠിപ്പിച്ചിട്ടില്ല. മറിച്ച് അതു ഇടുക്കവും ഞെരുക്കവുമുള്ളതാണെന്നാണ് അവൻ പറഞ്ഞിട്ടുള്ള ത്.

ഒരുത്തൻ യേശുവിനെ അനുഗമിക്കുവാൻ ഇഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് അനുഗമിക്കുവാനാണ് പറഞ്ഞത്. വിനോദയാത്രക്ക് കപ്പൽ പോകുന്നുണ്ട്. അതിൽ സുഖ സൗകര്യത്തിന് വേണ്ട എല്ലാ സജ്ജീകരണങ്ങളുമുണ്ട്. അതുപോ ലെയാണ് സഭ എന്ന് ചിലർ കരുതുന്നു. എന്നാൽ അനേകം കഷ്ട ങ്ങളിൽകൂടെ വേണം നാം ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ. പല സഭകളും ആളുകൾക്ക് മനോഹരമായ കെട്ടിടവും കസേരകളും ആശ്വാസപ്രദമായ പല സൗകര്യങ്ങളും വാഗ്ദാനം ചെയ്യുന്നു. വാസ്തവത്തിൽ സഭ രക്ഷയുടെ സങ്കേതമാണ്. ആത്മിയമായ നമ്മുടെ സന്തോഷത്തിന് നാം ജഡത്തിൽ കഷ്ടത സഹിക്കണം. കഷ്ടത സഹിക്കുവാൻ പലർക്കും കഴിയുന്നില്ല.

# ദൈവത്തിൽനിന്നു വേർപെട്ടു

## ലോയ് മിച്ചൽ

പഴയനിയമ കാലത്ത് യെശയ്യാപ്രവാചകനിൽ കൂടെ ദൈവം അരുളിച്ചെയ്തത് നമുക്ക് വായിക്കാം:"രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല. കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങളത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറെക്കുമാറാക്കിയത്"(യെശയ്യാവ് 59:1, 2). യിസ്രായേൽ മക്കൾ പ്രവാസത്തിൽനിന്ന് മടങ്ങി വന്നിരിക്കയാണ്. പക്ഷെ അവർക്കിടയിൽ കലഹവും പോരാട്ടവുമുണ്ടായിരിക്കുന്നു. അവർക്ക് സഹായം ലഭിക്കാതെ പോയത് എന്തുകൊണ്ടാണ്? അവർക്ക് അത് പരിഹരിക്കുവാൻ കഴിയാതിരുന്നത് എന്തുകൊണ്ട്?

ദൈവത്തിന്റെ ശക്തിയില്ലായ്മയായിരുന്നില്ല പ്രശ്നം. ഇതിന് ചിലർ ദൈവത്തെ പഴി ചാരും എന്നത് വാസ്തവമാണ്. അതുകൊണ്ടാണ് പ്രവാചകൻ മുകളിൽ ഉദ്ധരിച്ച ചോദ്യം ചോദിക്കുന്നത്. രക്ഷിപ്പാൻ ദൈവത്തിന് അപ്പോഴും കഴിയും. മനുഷ്യരുടെ നിലവിളിയും ദൈവം കേൾക്കും. പക്ഷെ പാപം ചെയ്തുകൊണ്ട് ദൈവം രക്ഷിക്കുന്നില്ല എന്നും ദൈവം പ്രാർത്ഥനക്ക് മറുപടി നൽകുന്നില്ല എന്നും പറയുന്നത് നീതീകരിക്കാവുന്നതല്ല. പ്രശ്നം പാപം ആയിരുന്നു. അകൃത്യം തങ്ങളിൽ വരുവാൻ യിസ്രായേൽ ജനം അനുവദിച്ചു. അവർ നിരന്തരമായി ദൈവകൽപന ലംഘിച്ചുകൊണ്ടിരുന്നു. അവരുടെ കൈകൾ രക്തപങ്കിലമായിരുന്നു.

ഇന്നും പ്രശ്നം പാപം തന്നെയാണ്. ദൈവത്തിൽനിന്ന് ആളുകളെ വേർപെടുത്തുന്ന പാപങ്ങൾ എന്തെല്ലാമാണ് നാം ഇന്ന് കാണുന്നത്? എവിടെ നോക്കിയാലും അതിക്രമങ്ങൾ പെരുകിയാണ് വരുന്നത്. ആളുകൾ നിസാരമായ കാര്യങ്ങളെ ചൊല്ലി കലഹിക്കുന്നു. ഏതു മേഖലയിലും അഴിമതിയുടെ കൂത്തരങ്ങാണ്. അക്രമവും പിടിച്ചുപറയും, കൊള്ളയും കൊലയും നിത്യ സംഭവങ്ങളാണ്. വർത്തമാനപത്രം എടുത്താൽ വാർത്തകളിലധികവും പാപം തന്നെയാണ്.

ആധുനികകാലഘട്ടം ഇത്തരം സംഭവങ്ങളെ പാപം എന്നു വിളിക്കാറില്ല. മറ്റു പല പേരിലുമാണ് അറിയപ്പെടുന്നത്. ഏതു പേരിൽ അറിയപ്പെട്ടാലും പാപം പാപം തന്നെയാണ്. യിസ്രായേൽ ജനത്തിന് അനുഗ്രഹങ്ങൾ ലഭിക്കാതിരുന്നതുപോലെ ഇന്ന് മനുഷ്യർക്ക് അനുഗ്രഹങ്ങൾ ലഭിക്കാതിരിക്കുവാൻ കാരണം മറ്റൊന്നുമല്ല എന്ന കാര്യം ആളുകൾ തിരിച്ചറിയണം.

ജഡമാണ് മനുഷ്യരെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. ഭൂരിഭാഗം പേരും ശരീരത്തിന്റെ ഇച്ഛകൾ നിവർത്തിക്കുവാനാണ് ബദ്ധപ്പെടുന്നത്. ഒരിക്കലും ഒരു വ്യക്തിയെ തൃപ്തിപ്പെടുത്തുന്നതല്ല ജഡാഭിലാഷം. സാത്താൻ മനുഷ്യമനസ് കുരുടാക്കിവെച്ച് അവരെ പാപത്തിന്റെ അടിമത്വത്തിലാക്കി വെച്ചിരിക്കുകയാണ്. മനുഷ്യൻ എത്ര ശ്രമിച്ചാലും അവന്റെ സ്വകഴിവുകൊണ്ട് പാപം ചെയ്യാതിരിക്കുവാൻ സാധ്യമല്ല. പുതിയനിയമ ലേഖനങ്ങളിൽ ജഡാഭിലാഷവും ജഡത്തിന്റെ പ്രവൃത്തികളും വിവരിച്ചിട്ടുണ്ട്. ദൈവം പാപം മോചിച്ചു കൊടുക്കുന്ന വ്യക്തിയിൽ പരിശുദ്ധാത്മാവിനെ നൽകുന്നത് വീണ്ടും പാപത്തിലേക്ക് വഴുതി പോകാതിരിക്കുവാനാണ്.

ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം. പക, പിണക്കം, ജാരശങ്ക, ശാഠ്യം, ക്രോധം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്ന് വെളിവാകുന്നു. ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോട് മുൻകൂട്ടി പറയുന്നു(ഗലാത്യർ 5:19-22). പ്രിയ വായനക്കാരാ, താങ്കളുടെ സ്വന്ത ജീവിതം പരിശോധിക്കുക. നിങ്ങൾ ദൈവത്തിൽനിന്നു വേർപെട്ടിരിക്കുകയാണോ? നിങ്ങളുടെ ജീവിതത്തിൽ പാപം വസിക്കുന്നുണ്ടെങ്കിൽ, ദയവായി മാനസാന്തരപ്പെടുവാൻ നിങ്ങളോട് താഴ്മയായി അപേക്ഷിക്കുകയാണ്. ഇന്നു തന്നെ ക്രിസ്തുവിൽ വിശ്വസിച്ച്, പാപങ്ങളെ വിട്ടുകളഞ്ഞ് ദൈവത്തിലേക്ക് തിരിഞ്ഞ് പാപമോചനത്തിനായി സ്നാനം ഏൽക്കുക. ഏതു പാപമായാലും ക്ഷമിക്കാമെന്ന് ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. പാപക്ഷമാപണം ലഭിച്ചാൽ നിങ്ങൾക്ക് ദൈവത്തോട് അടുക്കാം. തന്നെ അനുസരിക്കുന്നവരെ ദൈവം രക്ഷിക്കും.

✶

# ഉപ്പിനാൽ രുചി വരുത്തൽ

## മൈക്കിൽ ഈ. ബ്രുക്ക്സ്

"ഓരോരുത്തനോട് നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്ന് അറിയേണ്ടതിന് നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ"(കൊലൊസ്യർ 4:6). മനുഷ്യ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ആശയവിനിമയം. അന്യോന്യം കാര്യങ്ങൾ പറയേണ്ടത് സ്വസ്ഥമായ ജീവിതത്തിന് ആവശ്യമാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ആ ഉദ്ദേശം നിറവേറ്റുവാനായി ശരീരത്തിലെ ചെറിയ അവയവമായ നാവ് നൽകിയിരിക്കുന്നു. നാം സംസാരിക്കുമ്പോൾ കേൾക്കുന്ന ശബ്ദവും വാക്കുകളുടെ അർത്ഥവും പലതും മനസിലാക്കുവാനാണ്. നമ്മുടെ സംസാരം അന്യോന്യം ഉപകാരപ്രദമാകുവാൻ ദൈവം തിരുവെഴുത്തിൽ ചില നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നതു നാം പരിശോധിച്ച് കൈക്കൊണ്ടാൽ അതിന്റെ ഫലം നമുക്ക് ഉണ്ടാകും.

പല ഭാഷകളും പ്രയാസമുള്ളതും നിരുൽസാഹപ്പെടുത്തുന്നതുമായാണ് എനിക്ക് തോന്നിയിട്ടുള്ളത്. നിരവധി രാജ്യങ്ങളിൽ പോയി പ്രവർത്തിച്ച എനിക്ക് തർജിമക്കാരുടെ സഹായമില്ലാതെ ആശയവിനിമയം അസാധ്യമായിരുന്നു. ഏതാനും പ്രയോഗങ്ങളോ അല്ലെങ്കിൽ ചില വാക്കുകളോ കൊണ്ട് കാര്യങ്ങൾ പൂർണ്ണമായി ആളുകളെ ധരിപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് ആശയവിനിമയത്തിന് എനിക്ക് മറ്റൊരാളെ ആശ്രയിക്കേണ്ടി വന്നു. അപ്പൊസ്തലന്മാർക്ക് ലഭിച്ചതായ അന്യഭാഷാവരം എനിക്ക് ഉണ്ടായിരുന്നുവെങ്കിൽ എന്ന് ഞാൻ പലപ്പോഴും ആശിച്ചിട്ടുണ്ട്. പക്ഷെ അത് അതിമോഹമാണ്(പ്രവൃത്തികൾ 2:1-13). ആ ഉദ്ദേശത്തിന്റെ കാലം കഴിഞ്ഞുപോയി. ഇപ്പോൾ ദൈവം തന്റെ സന്ദേശം എങ്ങനെ എത്തിക്കണം എന്ന് പറഞ്ഞിരിക്കുന്നുവോ ആ രീതിയിൽ എത്തിക്കുക. ദൈവം മനുഷ്യർക്ക് ഭാഷകൾ കൈകാര്യം ചെയ്യുവാനുള്ള കഴിവും

അവസരവും നൽകിയിട്ടുണ്ട്. നാം അത് പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്.

എങ്ങനെയായാലും നാം ഏത് ഭാഷ കൈകാര്യം ചെയ്യുകയാണെങ്കിലും അത് മറ്റൊരാൾക്ക് കൃപ ലഭിക്കേണ്ടതിനായിരിക്കണം. അനർഹമായ ഉപകാരമാണ് നാം മറ്റുള്ളവർക്ക് പ്രദാനം ചെയ്യേണ്ടത്. അതാണ് സംസാരിക്കേണ്ട നയവും പ്രാഗത്ഭ്യവും എന്നു പറയാം. പുറത്തുള്ളവരോട് ജ്ഞാനത്തോടെ പെരുമാറുവിൻ എന്ന് അപ്പൊസ്തലൻ നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു(കൊലൊസ്യർ 4:5). അവിശ്വാസമുള്ള ലോകത്തോട് നാം ക്രിസ്തുവിനെ കുറിച്ചും അവന്റെ സുവിശേഷത്തെ കുറിച്ചും സംസാരിക്കുമ്പോൾ, ആളുകൾ അത് ശ്രദ്ധിച്ച് മനസിലാക്കുവാൻ ഈ നിർദ്ദേശം ആവശ്യമാണ്. നാം കൂടുതൽ സംസാരിക്കുന്നതിലല്ല, പിന്നെയോ സംസാരിക്കുന്നത് കുറച്ചായാലും അത് കേൾക്കുന്നവരെ സ്പർശിക്കണം. അവരുടെ ഉള്ളിലേക്ക് ഇറങ്ങിയാൽ മാത്രമെ അവർ അത് കൈക്കൊള്ളുകയുള്ളു. പാപമുള്ള ലോകത്തിന് ദൈവത്തിന്റെ ചികിൽസ വേണം.

നമ്മുടെ സംസാരം കൃപയോടുകൂടിയതാകണം എന്നു പറയുമ്പോൾ അതിൽ സ്നേഹം അന്തർലീനമായിരിക്കുന്നു. നാം വാക്കുകൾ ഉപയോഗിക്കുന്ന രീതിയാണ് മുഖ്യം. അത് ക്രിയാത്മകമായി ആളുകളെ ദൈവത്തിലേക്ക് ആകർഷിക്കണം. നാം ആളുകളെ ഭീഷണിപ്പെടുത്തുകയും ഭയപ്പെടുത്തുകയും ചെയ്താൽ അവർ നമ്മോട് അടുക്കുന്നതിനുപകരം അകന്നുപോകും. ദയയോടും കരുതലോടും കൂടെയുള്ള സംസാരം ആളുകൾ ശ്രദ്ധിക്കും. നമ്മുടെ സംസാരം കൃപയോടുകൂടിയതായിരിക്കുന്നതോടൊപ്പം, ഉപ്പിനാൽ രുചി വരുത്തുന്നതുമായിരിക്കണം. നമ്മുടെ വാക്കുകളിൽ അന്തസത്തയുണ്ടായിരിക്കണം എന്നു ഞാൻ വിശ്വസിക്കുന്നു. പൊട്ടച്ചൊൽ, കളിവാക്ക് എന്നിവ ഒഴിവാക്കുവാൻ അപ്പൊസ്തലൻ നിർദ്ദേശിച്ചിരിക്കുന്നു(എഫെസ്യർ 5:4). ക്രിസ്ത്യാനികൾ പുറത്തുള്ളവരോട് സംസാരിക്കുമ്പോൾ ദൈവത്തിന് മഹത്വം കരേറ്റുകയും രാജ്യം ഉയരുകയും വേണം. ഉപ്പിന് രുചി വരുത്തുവാനും കേടുവരാതെ സൂക്ഷിക്കുവാനും കഴിവുള്ളതുപോലെ നാമും നമ്മുടെ സംസാരം ആർക്കും കേടുവരാതെ രുചി വരുത്തുന്നതാകുവാൻ സൂക്ഷിക്കണം.

✶

# നിങ്ങൾ യേശുവിനെ സ്നേഹിക്കുന്നുണ്ടോ?

## വെയിൻ ബാരിയർ

ദൈവം സ്നേഹമാകുന്നു. ദൈവത്താലല്ലാതെ നാം സ്നേഹം എന്തെന്ന് അറിഞ്ഞിട്ടില്ല. സ്നേഹം ദൈവികഗുണമാണ്. അത് മനുഷ്യരിൽ കാണുവാൻ സർവ്വശക്തനായ ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിൽ വിശ്വസിക്കുന്ന ആളുകൾ ഭൂരിഭാഗവും ദൈവത്തെ സ്നേഹിക്കുന്നു എന്ന് അവകാശപ്പെടുന്നുണ്ട്. ദൈവത്തെ എങ്ങനെ സ്നേഹിക്കണമെന്ന് ദൈവം കൽപിച്ചിരിക്കയാണ്. പൂർണ്ണ ഹൃദയത്തോടും, പൂർണ്ണമനസോടും പൂർണ്ണശക്തിയോടും കൂടെ നാം അവനെ സ്നേഹിക്കണം. യേശു ദൈവപുത്രനാണെന്ന് വശ്വസിക്കുന്നവരോട് നിങ്ങൾ യേശുവിനെ സ്നേഹിക്കുന്നുണ്ടോ എന്ന് ചോദിക്കുകയാണെങ്കിൽ അവർ പറയുന്ന ഉത്തരം "ഉവ്വ്" എന്നായിരിക്കും. തന്റെ ശിഷ്യനായ പത്രൊസിനോട് യേശു ചോദിച്ചതുപോലെ നാം ആളുകളോട് ചോദിച്ചാൽ എന്തായിരിക്കും കിട്ടുന്ന മറുപടി? അത് യേശുവിനോടുള്ള ഒരു തോന്നൽ മാത്രമായിരിക്കുമെന്ന് ഞാൻ കരുതുന്നു.

പത്രൊസിനോട് യേശു ചോദിക്കുന്നതും അതിനു അവൻ മറുപടി പറയുന്നതും രേഖപ്പെടുത്തിയിരിക്കുന്നത് നമുക്ക് വായിക്കാം, "അവർ പ്രാതൽ കഴിച്ച ശേഷം യേശു ശിമോൻ പത്രൊസിനോട് യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന്ന് അവൻ ഉവ്വ് കർത്താവേ, എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നു അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ മേക്ക എന്ന് അവൻ അവനോട് പറഞ്ഞു. രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. ഉവ്വ്, കർത്താവേ, എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. മൂന്നാമതും അവനോട് യോഹന്നാന്റെ മക

നായ ശിമോനേ, നിനക്ക് എന്നോട് പ്രിയമുണ്ടോ എന്നു ചോദിച്ചു. നിനക്ക് എന്നോട് പ്രിയമുണ്ടോ എന്നു മൂന്നാമതും ചോദിക്കയാൽ പത്രൊസ് ദുഃഖിച്ചു. കർത്താവേ നീ സകലവും അറിയുന്നു. എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നും നീ അറിയുന്നു എന്ന് അവനോട് പറഞ്ഞു. യേശു അവനോട് എന്റെ ആടുകളെ മേക്ക."

ഇന്ന് ക്രിസ്ത്യാനികൾ ആ ചോദ്യത്തിന് ഉത്തരം നൽകേണ്ടതായിട്ടുണ്ട്. യേശു നമ്മെ സ്നേഹിക്കുകയും നാം അവനെ സ്നേഹിക്കുവാൻ അവൻ ആഗ്രഹിക്കുകയും ചെയ്യുന്നു. നിങ്ങൾ വാസ്തവത്തിൽ സ്നേഹിക്കുന്നുണ്ടോ? "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപനകളെ പ്രമാണിക്കും"(യോഹന്നാൻ 14:15). നാം അവനെ സ്നേഹിക്കുന്നു എന്നു പറയുകയും അവന്റെ കൽപനകളെ നിഷേധിക്കുകയും ചെയ്താൽ അത് അസത്യമാകും. നാം എങ്ങനെ ജീവിക്കുകയും, ദൈവത്തെ ആരാധിക്കുകയും, അവന്റെ രാജ്യത്തിൽ സേവിക്കുകയും ചെയ്യണമെന്ന് അവൻ നമ്മോട് പറഞ്ഞിരിക്കുന്നു. എല്ലാ കാര്യത്തിലും നാം ക്രിസ്തുവിന്റെ ഉപദേശം സ്വീകരിക്കുന്നുണ്ടോ? നമ്മുടെ വിശ്വാസവും ദൈനന്തിന പരിശീലനവും അവന്റെ ഹിതപ്രകാരമാണോ എന്ന് പരിശോധിക്കുക. നാം അന്യോന്യം സ്നേഹിക്കുകയാണെങ്കിൽ, നാം ക്രിസ്തുവിനെ സ്നേഹിക്കുന്നു എന്ന് ഉറപ്പിക്കാം. നാം അന്യോന്യം ക്ഷമിച്ചാൽ അത് ക്രിസ്തുവിനെ സ്നേഹിക്കുക എന്നാണർത്ഥം.

ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കൽപന. സ്നേഹിതന്മാർക്ക് വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികം സ്നേഹം ആർക്കുമില്ല. ഞാൻ നിങ്ങളോട് കൽപിക്കുന്നത് ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നെ"(യോഹന്നാൻ 15:12-14). അവൻ നടന്നതുപോലെ നാം നടക്കുകയാണെങ്കിൽ നമുക്ക് അവനോട് കൂട്ടായ്മയുണ്ട്. അവനോടുകൂടെ നടന്നാൽ മാത്രമെ അത് സാധിക്കുകയുള്ളു. "ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്ക് വേണ്ടി, തന്നെത്താൻ ദൈവത്തിന് സൗരഭ്യവാസനയായി വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ"(എഫെസ്യർ 5:1, 2).

# അതിശ്രേഷ്ഠമായ യാഗം

## ജെ. റോബർട്ട് സ്വാൻ

പഴയനിയമ കാലത്ത് ദൈവം ആളുകളോട് വിവിധ രീതിയിലുള്ള യാഗങ്ങളും വഴിപാടുകളും അർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. അതെല്ലാം മനുഷ്യന്റെ പാപപരിഹാരത്തിനായിരുന്നു. അതെല്ലാം വരുവാനുള്ള ഒരു നിത്യമായ യാഗത്തിന്റെ നിഴലായിരുന്നു. പഴയനിയമ യാഗങ്ങൾ താൽക്കാലികമായതുകൊണ്ട് അത് കൂടെ കൂടെ അർപ്പിക്കേണ്ടിയിരുന്നു. ആദാമിന്റെ മക്കളായ കയ്യീനും ഹാബേലും ദൈവത്തിന് യാഗമർപ്പിച്ചു. പക്ഷെ അതിന്റെ രണ്ടിന്റേയും അനന്തരഫലം രണ്ടായിരുന്നു. ഹാബേൽ ആട്ടിടയനും കയ്യീൻ കൃഷിക്കാരനുമായിരുന്നു. അവർ ജനിച്ച് കുറെ വർഷങ്ങൾ കഴിഞ്ഞ് കയ്യിൻ നിലത്തെ അനുഭവത്തിൽനിന്ന് യഹോവക്ക് വഴിപാട് കൊണ്ടുവന്നു. ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽനിന്ന് അവയുടെ മേദസിൽ നിന്നു തന്നെ ഹാബേലും ഒരു വഴിപാട് കൊണ്ടുവന്നു. യഹോവ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയ്യിനിലും അവന്റെ വഴിപാടിലും അവൻ പ്രസാദിച്ചില്ല(ഉൽപത്തി 4:3-5).

ആ ആദ്യത്തെ ആരാധകരോട് ദൈവം നൽകിയ നിർദ്ദേശങ്ങളുടെ ഉൾക്കാഴ്ച്ച നമുക്ക് ഇല്ല. ദൈവത്തിന് സ്വീകാര്യമായതെന്തെന്ന് ആ രണ്ട് സഹോദരന്മാർക്കും അറിയാമായിരുന്നു. രക്തത്താലുള്ള യാഗത്തെ കുറിച്ച് ഉൽപത്തിയിൽ പറയുന്നില്ലെങ്കിലും ദൈവം ഹാബേലിന്റേത് സ്വീകരിച്ചതിനാലും കയ്യീന്റേത് നിരസിച്ചതിനാലും നമുക്ക് മനസിലാക്കാവുന്ന സത്യം അതു തന്നെയാണ്. ഹാബേലിന്റെ യാഗം ഉത്തമമായിരുന്നു. അവൻ വിശ്വാസത്താലായിരുന്നു വഴിപാട് അർപ്പിച്ചിരുന്നത് എന്ന് കാണാം. പിതാക്കന്മാരുടെ കാലത്ത് ദൈവം ആളുകളിൽനിന്ന് മൃഗയാഗം ആവശ്യപ്പെട്ടിരുന്നു. എന്നാൽ മോശെയുടെ കാലത്ത് രക്തവും ധാന്യവും യാഗവും വഴിപാടുമായി അർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആ രണ്ട് സഹോദരന്മാ

*Watch!*

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

രോടും എങ്ങനെ ദൈവത്തിന് യാഗം അഥവാ വഴിപാട് അർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരിക്കണം. അല്ലെങ്കിൽ കയ്യിനെ ശിക്ഷക്ക് വിധിക്കുമായിരുന്നില്ല. കാരണം ദൈവം നീതിമാനാണ്. ദൈവത്തെ ആരാധിക്കുന്നത് എപ്പോഴും പ്രാധാന്യമുള്ളതായും ഗൗരവമുള്ളതായുമാണ് പറഞ്ഞിട്ടുള്ളത്.

പുതിയനിയമത്തിൽ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കണം എന്നാണ് കൽപിച്ചിരിക്കുന്നത്(യോഹന്നാൻ 4:24). എങ്ങനെ ആരാധിച്ചാലും ദൈവം സ്വീകരിക്കും എന്ന് കരുതരുത്. യേശു പുതിയനിയമം സ്ഥാപിച്ചത് തന്റെ ജീവനുള്ള രക്തവുമായി ദേഹമെന്ന തിരശീലയിൽ കൂടെ കടന്നാണ്. യേശുവിന്റെ യാഗം ഒരിക്കൽ എന്നേക്കുമായി സർവ്വമനുഷ്യർക്കുമായിട്ടാണ് യാഗമർപ്പിച്ചത്. അത് ദൈവത്തിന് പ്രസാദകരമായി തീർന്നു. കയ്യിന്റെ യാഗത്തിൽ ദൈവം പ്രസാദിക്കാതിരിക്കുവാനുള്ള കാരണം അവൻ ഏറ്റവും നല്ലതായിരുന്നില്ല യഹോവയ്ക്ക് നൽകിയത് എന്ന് ചിലർ കരുതുന്നു. എങ്ങനെയായാലും അവന് ദൈവത്തോട് ക്ഷമ ചോദിക്കാമായിരുന്നു അവൻ മനപ്പൂർവ്വമല്ല ചെയ്തതെങ്കിൽ. പക്ഷെ അവൻ മനപ്പൂർവ്വമായി ചെയ്തു എന്നു നമുക്ക് അനുമാനിക്കാവുന്നതെന്തെന്നാൽ അവൻ മാനസാന്തരപ്പെടുന്നില്ല എന്നതാണ്.

പിന്നീട് കയ്യിൻ തന്റെ സഹോദരനോട് പ്രതികരിക്കുന്നത് കോപത്തോടും പ്രതികാരത്തോടും കൂടിയായിരുന്നു. ദൈവത്തോട് പാപം ചെയ്യുന്നതിന്റെ അടുത്തപടി മനുഷ്യരോട് പകരം വീട്ടലായിരിക്കും. അവന്റെ എല്ലാ പ്രശ്നങ്ങളുടേയും മൂല കാരണം സ്വാർത്ഥമനോഭാവമായിരിക്കാം. കൂടാതെ സ്വന്ത സഹോദരന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചതിൽ അവന് സന്തോഷിക്കുവാൻ കഴിഞ്ഞില്ല. പകരം അസൂയയാണ് അവനെ കീഴ്പ്പെടുത്തിയത്. ഇന്ന് നാം ദൈവത്തെ ആരാധിക്കുന്നതും ദൈവത്തിന് കാഴ്ച്ചയോ വഴിപാടോ യാഗമോ അർപ്പിക്കുന്നത് ആത്മിയമായിരിക്കണം. അത് ദൈവം നിർദ്ദേശിച്ചിരിക്കുന്നതുപോലെ ആയിരിക്കണം. നമ്മുടെ സ്വന്ത ഇഷ്ട പ്രകാരം ആയിരിക്കരുത്. മനുഷ്യകൽപനകളനുസരിച്ചുള്ള ആരാധന ദൈവം സ്വീകരിക്കയില്ല. അത് വ്യർത്ഥമാണെന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. ദൈവേഷ്ടം മാറ്റുവാൻ നമുക്ക് ആർക്കും അവകാശമില്ല എന്ന കാര്യം മറക്കരുത്.

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

Reg. No. K.Dis. 90095/86/A8. Reg. No. KL / TV (N) 22/2012-15

*Join us to worship God in Spirit and Truth*
*The*
**CHURCH OF CHRIST**
Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**
ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378